**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1868** **12-09-2023 - ൽ മറുപടിയ്ക്ക്**

**സർവകലാശാലകളെ മെച്ചപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ജെ. മാക്സി | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ സർവകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവകലാശാലകളാക്കി മാറ്റുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരളത്തിലെ സർവ്വകലാശാലകളെ ഇന്ത്യയിലെ ഏറ്റവും മികച്ച സർവ്വകലാശാലകളാക്കി മാറ്റുന്നതിന് താഴെപ്പറയുന്ന വിവിധ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.<br><br>1. നാലുവർഷ ബിരുദ പ്രോഗ്രാമുകൾക്ക് ആവശ്യമായ കരിക്കുലം ചട്ടക്കൂട് തയ്യാറാക്കി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്.<br>2. സർവ്വകലാശാലകളിൽ സെന്റർ ഓഫ് എക്സലൻസ് (CoE), ട്രാൻസ്ലേഷണൽ റിസർച്ച് സെന്ററുകൾ (TRC), ഇന്നവേഷൻ ഇൻക്യുബേഷൻ/സ്റ്റാർട്ട് അപ്പ് കേന്ദ്രങ്ങൾ ആരംഭിക്കാനുള്ള നടപടികൾ.<br>3. ഗവേഷണത്തിന് പ്രോത്സാഹനമായി മുഖ്യമന്ത്രിയുടെ നവകേരള പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പുകൾ.<br>4. സർവ്വകലാശാലകളിലും കോളേജുകളിലും പുത്തൻ തലമുറ പ്രോഗ്രാമുകൾ.<br>5. സർവ്വകലാശാലകളിൽ സാങ്കേതിക വിദ്യാധിഷ്ഠിതമായുള്ള ആധുനികവത്ക്കരണം.<br>6. കിഫ്ബിയുടെ ധനസഹായത്തോടുകൂടി സർവ്വകലാശാലകളിൽ ലബോറട്ടറികളും മറ്റ് അടിസ്ഥാന വികസന പദ്ധതികളും.<br>7. Industry on Campus – കാമ്പസ്സുകളിൽത്തന്നെ വ്യവസായ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി. |
| (ബി) | സംസ്ഥാനത്തെ സർവകലാശാലകളിൽ നിന്നും വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട സർട്ടിഫിക്കറ്റുകളും സേവനങ്ങളും കഴിയുന്നത്ര വേഗത്തിൽ ലഭ്യമാക്കാൻ എന്തൊക്കെ നൂതനനടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (ബി) | സർവ്വകലാശാലകളിൽ വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് പരീക്ഷ, ഫലപ്രഖ്യാപനം, സർട്ടിഫിക്കറ്റ് വിതരണം എന്നിവ വേഗത്തിലാക്കിയിട്ടുണ്ട്. സർവകലാശാലാ പ്രവർത്തനങ്ങളിൽ ആധുനിക സാങ്കേതിക വിദ്യ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി K-REAP എന്ന പദ്ധതി സർക്കാർ ആസൂത്രണം |

| | | | |
|---|---|---|---|
| | | | ചെയ്തുവരുന്നു. K-REAP ന്റെ ഭാഗമായി വിദ്യാർത്ഥി പ്രവേശനം മുതൽ പരീക്ഷാ ഫലപ്രഖ്യാപനവും സർട്ടിഫിക്കറ്റ് വിതരണവും വരെയുള്ള മുഴുവൻ വിദ്യാർത്ഥി പഠന പ്രക്രിയകളും സാങ്കേതിക വിദ്യയിലൂടെ ചിട്ടപ്പെടുത്തുവാൻ കഴിയും. അക്കാദമിക് / എക്സാമിനേഷൻ / അഡ്മിനിസ്ട്രേഷൻ ഉൾപ്പെടുന്ന എല്ലാ പ്രവർത്തനങ്ങളും സാധ്യമാകുന്ന ഒരു സമ്പൂർണ്ണ ഇ.ആർ.പി. (ERP) സോഫ്റ്റ് വെയർ ആണ് K-REAP. |

സെക്ഷൻ ഓഫീസർ